<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 932</u> <u>09-10-2024 - ൽ മറുപടിയ്ക്ക്</u>

<u>വനമേഖലകളിലെ ടൂറിസം വികസനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ പറമ്പിക്കുളം, നെല്ലിയാമ്പതി വനമേഖലകളിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെന്മാറ മണ്ഡലത്തിന്റെ പരിധിയിലുള്ള നെല്ലിയാമ്പതി റെയിഞ്ചിൽ 2022-ൽ കേശവൻ പാറ ഇക്കോടൂറിസം പദ്ധതി പ്രവർത്തനം ആരംഭിച്ചു. നെല്ലിയാമ്പതിയിൽ എത്തുന്ന ടൂറിസ്റ്റുകൾക്കായി ഒരു ഇൻഫർമേഷൻ സെന്ററും, വനവിഭവങ്ങളും മറ്റും വിൽപ്പന നടത്തുന്നതിനായി ഒരു വനശ്രീ ഇക്കോ ഷോപ്പും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഏറ്റെടുത്ത റോസറി, ഉത്തംമ്പാറ എന്നീ എസ്റ്റേറ്റ് ബംഗ്ലാവുകൾ കേന്ദ്രീകരിച്ച് Paid Nature Study Center ആരംഭിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് തുടങ്ങിയ മാലിന്യങ്ങൾ അലക്ഷ്യമായി നിക്ഷേപിക്കുന്നത് തടയുന്നതിനായി ബോധവൽക്കരണ ബോർഡുകൾ/ മുന്നറിയിപ്പ് ബോർഡുകൾ എന്നിവ സ്ഥാപിക്കൽ, വ്യൂപോയിന്റ് മോടിപിടിപ്പിക്കൽ എന്നീ പ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്.<br><br>പറമ്പിക്കുളം ഡിവിഷനു കീഴിൽ തുണക്കടവിൽ പുതിയതായി ഒരു ട്രീ ടോപ്പ് ഹട്ട് , ആനപ്പാടിയിൽ പകൽ സന്ദർശകർക്കായി ബൈസൈക്കിൾ റൈഡ്, ടെന്റഡ് റൂസ്റ്റ്, സന്ദർശകർക്കായി ആനപ്പാടിയിലും, പറമ്പിക്കുളത്തും ശുചിമുറികൾ തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിലെ ഇക്കോടൂറിസം സാധ്യതകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ